# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 69/2021 (വെള്ളിയാഴ്ച)** **തീയ്യതി: 03.09.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 04.09.2021 | 05.09.2021 | 06.09.2021 | 07.09.2021 | 08.09.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 5 | 10 | 20 | 20 |
| ഉയർന്ന താപനില (ºC) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (ºC) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 4 | 5 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 6 | 4 | 5 | 6 | 6 |
| ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 31°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു | | | | | |

**പൊതു നിർദ്ദേശങ്ങൾ:** സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം | ഞാറ്റടിയിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക.. |

| | | |
|---|---|---|
| | മുഞ്ഞ | നെൽപ്പാടങ്ങളിൽ മുഞ്ഞയുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ആക്രമണം കുറയ്ക്കാനായി ഇടവിട്ട് വെള്ളം കയറ്റി ഇറക്കുക. ഒരു ഏക്കറിന് 75 കിലോഗ്രാം അറക്കപ്പൊടി, 3 ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ എൻജിൻ ഓയിൽ എന്നിവയുടെ മിശ്രിതം പാടത്തു ഇട്ടുകൊടുക്കുക. അല്ലെങ്കിൽ ഒരു ഏക്കറിന് 60 കിലോഗ്രാം എന്ന കണക്കിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ അസഫേറ്റ് എന്ന കീടനാശിനി ഒരു ലിറ്ററിന് 1.6 ഗ്രാം എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| | പോളരോഗം | നെൽപ്പാടങ്ങളിൽ നെൽച്ചെടിയെ ബാധിക്കുന്ന പോളരോഗം കാണാൻ സാധ്യതയുണ്ട്. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു നിന്ന് തുടങ്ങുന്ന പൊള്ളിയ പോലുള്ള പാടുകളാണ് ഈ രോഗത്തിൻറെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. ഈ രോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചുനട്ടു ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്. |
| വെണ്ട | തണ്ട് തുരപ്പൻ | വെണ്ടയിൽ കാണപ്പെടുന്ന തണ്ട് തുരപ്പന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി 5% വീര്യമുള്ള വേപ്പിൻകുരു സത്ത് 10 ദിവസം ഇടവിട്ട് തളിച്ചു കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ബാസ്സിലസ് തുറിഞ്ചിയൻസിസ് ഫോർമുലേഷനുകൾ ശർക്കര കൂടി ചേർത്ത് ഉപയോഗിക്കാവുന്നതാണ്. |